പദ്ധതി നടപ്പിലാക്കിവരുന്നു. 1998-99-ൽ കൃഷി വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് 1102 ഹരിതസംഘങ്ങൾ രൂപീകരിച്ച് 5510 ഹെക്ടർ സ്ഥലത്ത് പച്ചക്കറിക്കൃഷി നടപ്പിലാക്കുന്നു. കൂടാതെ 1022 സ്കൂളുകളിൽ പച്ചക്കറിതോട്ടങ്ങൾ സംഘടിപ്പിക്കുന്ന പദ്ധതി. കൃഷി ഫാമുകളിൽ പച്ചക്കറിക്കൃഷി പദ്ധതി എന്നിവയും നടപ്പിലാക്കി വരുന്നു. ഇതിനു പുറമെ കൃഷിവകുപ്പിന്റെ കീഴിലുള്ള വിവിധ കോർപ്പറേഷനുകൾ, കെ.എച്ച്.ഡി.പി. കൂടാതെ കാർഷിക സർവ്വകലാശാല എന്നിവയും പ്രസ്തുത പദ്ധതിയനുസരിച്ച് പച്ചക്കറിക്കൃഷി നടപ്പാക്കി വരുന്നു.

(ബി)&(സി) ന്യായ വിലയ്ക്ക് കർഷകരിൽ നിന്ന് പച്ചക്കറി വാങ്ങി വിപണനം നടത്തുന്നതിന് സംസ്ഥാന ഹോർട്ടികൾച്ചറൽ ഡെവലപ്പുമെന്റ് കോർപ്പറേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്.

140 (1591) നെൽക്കൃഷിയ്ക്ക് സൗജന്യ വൈദ്യുതി

ശ്രീ. വി.സി. കബീർ :

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽക്കൃഷി ചെയ്യുന്ന കർഷകർക്ക് കാർഷികാവശ്യത്തിനായി ഉപയോഗിക്കുന്ന വൈദ്യുതി കേരള സർക്കാർ സൗജന്യമായി നൽകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സൗജന്യം ലഭിക്കുന്നതിനായി ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി നടപടികൾ എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഉണ്ടെങ്കിൽ ഈ സൗജന്യം കൃഷിഭവൻ മുഖാന്തിരം എല്ലാ കർഷർക്കും കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)-(ഡി)

ഏതൊരുവിധ ബുദ്ധിമുട്ടും കൂടാതെ അർഹരായ എല്ലാ കർഷകർക്കും വൈദ്യുതി സൗജന്യം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

141 (1592) നെൽപ്പാടങ്ങളുടെ വിസ്തൃതി കുറയുന്ന വിവരം

ശ്രീമതി കെ.ആർ. ഗൗരിയമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽപ്പാടങ്ങളുടെ വിസ്തൃതി കുറഞ്ഞുവരുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കർഷകർ നെൽപ്പാടങ്ങൾ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുകയോ തരിശായി ഇടാൻ താൽപ്പര്യപ്പെടുകയോ ചെയ്യുന്നതിന്റെ കാരണങ്ങൾ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly